നമ്പർ 276/2008

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
# മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളികൈക്കാരന്മാരും, ഭരണസമിതിയംഗങ്ങളും, ആദ്ധ്യാത്മീക സംഘടനാ പ്രവർത്തകരും ശേഷം ജനങ്ങളും കൂടിക്കണ്ടന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരെ,
സെപ്റ്റംബർ മാസത്തിലെ ആദ്യത്തെ ഞായറാഴ്ച മദ്ധ്യസ്ഥപ്രാർത്ഥനാ ദിനമായി ആചരിക്കുന്ന പതിവാണല്ലോ നമുക്കുള്ളത്. വ്യക്തി ജീവിതത്തിലും, സഭാ ജീവിതത്തിലും, സാമൂഹിക ജീവിതത്തിലും വിവിധ പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന നാം ആത്യന്തികമായി ആഗ്രഹിക്കുന്നത് ദൈവിക സമാധാനമാണല്ലോ. ജീവിതത്തിൽ പരാജയങ്ങൾ നേരിടേണ്ടി വരുമ്പോൾ നിരാശയല്ല നമ്മെ ഭരിക്കേണ്ടത്; പ്രത്യുത, ക്രൂശിൽ ക്രിസ്തു അനുഭവിച്ച ത്യാഗത്തിലൂടെ നമുക്ക് ലഭ്യമായ രക്ഷയുടെ അനുഭവമാണ് പ്രതിസന്ധികളിൽ നമ്മെ മുൻപോട്ട് നയിക്കേണ്ടത്. പരസ്പരമുള്ള പ്രാർത്ഥനയുടെ ആവശ്യകത ഇവിടെയാണ് വെളിവാകുന്നത്. അപ്രകാരം സഭയ്ക്കുവേണ്ടിയും, സമൂഹത്തിനുവേണ്ടിയും, നമുക്കുവേണ്ടിയും നിങ്ങൾ പ്രാർത്ഥിക്കണം.

ഈ വർഷം മദ്ധ്യസ്ഥപ്രാർത്ഥനാ ദിനമായി ആചരിക്കുന്നത് സെപ്റ്റംബർ മാസം 7 -ാം തീയതി ഞായറാഴ്ചയാണ്. അന്നേ ദിവസം എല്ലാ ഇടവകകളിലേയും പ്രാർത്ഥനാ യോഗങ്ങളുടെ ചുമതലയിൽ വി. കുർബ്ബാനയ്ക്കുശേഷം കൈമുത്തിന് മുമ്പായി യോഗം ചേർന്ന് ഇതോടൊപ്പം അയക്കുന്ന നിർദ്ദേശങ്ങളടങ്ങിയ നോട്ടീസിൻ പ്രകാരം പ്രത്യേക മദ്ധ്യസ്ഥ പ്രാർത്ഥന നടത്തണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ.**

2008 ആഗസ്റ്റ് മാസം 18 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.